(ബി) പ്രസ്തുത വിതരണ ലൈൻ നിലവിൽ എത്ര കിലോമീറ്റർ ദൂരം സ്ഥാപിച്ചു കഴിഞ്ഞുവെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതി പ്രകാരം ഇനി പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ളത് ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും എന്നത്തേക്ക് പൈപ്പ് സ്ഥാപിക്കൽ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മീനാട് ശുദ്ധജല വിതരണ പദ്ധതി പ്രകാരം 963 കിലോമീറ്റർ ദൂരത്തിലാണ് വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത വിതരണ ലൈൻ നിലവിൽ 787 കിലോമീറ്റർ ദൂരം സ്ഥാപിച്ചു കഴിഞ്ഞു.

(സി) ഈ പദ്ധതി പ്രകാരം ചാത്തന്നൂർ പഞ്ചായത്തിൽ പൈപ്പ് ലൈൻ ഏറെക്കുറെ പൂർണ്ണമായി സ്ഥാപിച്ചുകഴിഞ്ഞു. കരവാളൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം, മയ്യനാട്, നെടുമ്പന, ആദിച്ചനല്ലൂർ (പാർട്ട്), ചിറക്കര, പൂതക്കുളം എന്നീ പഞ്ചായത്തുകളിലും പരവൂർ മുനിസിപ്പാലിറ്റിയിലും പൈപ്പ് ലൈൻ പണികൾ പൂർത്തീകരിക്കാനായി ബാക്കിയുണ്ട്.

(ഡി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായി M/s. TECPRO എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ടി കമ്പനി സമയബന്ധിതമായി പണികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത കരാർ 10-3-2015-ൽ റദ്ദ് ചെയ്ത് പുതിയ കരാർ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ കരാർ നൽകി 2016 ഡിസംബറോടുകൂടി പണികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഒഴൂർ ജലനിധി പദ്ധതി

125 (2334) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ ജലനിധി പദ്ധതി പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എത്ര തുകയാണ് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) തടയണ നിർമ്മിക്കുന്ന പ്രവൃത്തി ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ & ബി) ഒഴൂർ പഞ്ചായത്തും സമീപമുള്ള തെന്നല, പെരുമണ്ണക്ലാരി എന്നീ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ജലനിധി നടപ്പാക്കിവരുന്ന ഈ പദ്ധതിയുടെ പൊതുഘടകങ്ങളുടെ പ്രവൃത്തികൾ വാട്ടർ അതോറിറ്റിയും പഞ്ചായത്തിനുള്ളിലെ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ ജലനിധിയുമാണ് നടപ്പാക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി രണ്ട് ടാങ്കുകളുടെ നിർമ്മാണ പ്രവൃത്തിയുടെയും കിണറിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെയും ടെന്റർ നടപടികൾ പൂർത്തിയാക്കുകയും ജലശുദ്ധീകരണ പ്ലാന്റ്, ഉപരിതല ടാങ്കുകൾ, പ്രധാന വിതരണ ലൈനുകൾ എന്നിവയുടെ നിർമ്മാണത്തിനായുള്ള ടെന്റർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. വിതരണ ശൃംഖലയുടെ പ്രവൃത്തികൾ രണ്ട് പാക്കേജുകളിലേക്ക് ജലനിധി ടെണ്ടർ വിളിക്കുകയും തെരഞ്ഞെടുത്ത കരാറുകാരുമായി കരാർ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പൊതുഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് 33.15 കോടി രൂപയും ഒഴൂർ പഞ്ചായത്തിൽ ജലനിധി നടപ്പാക്കുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തികൾക്ക് 9.70 കോടി രൂപയുമാണ് വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) തടയണയ്ക്ക് പകരം ഇറിഗേഷൻ വകുപ്പിന്റെ ശിപാർശ അനുസരിച്ച് കടലുണ്ടിപ്പുഴയിൽ റെഗുലേറ്റർ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഭരണാനുമതിയും ടെന്റർ നടപടികളും ജലനിധി മുഖേനയും പദ്ധതിയുടെ സാങ്കേതികാനുമതി പ്രവർത്തനങ്ങൾക്കുവേണ്ട സാങ്കേതിക സഹായം, മേൽനോട്ടം എന്നിവ ഇറിഗേഷൻ വകുപ്പ് മുഖേനയുമാണ് ചെയ്യുന്നത്. ഇതിനായി ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ്, ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (ഡി.എസ്.ആർ) 2014 അനുസരിച്ച് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly